സാമന്തര അച്ചടി മാധ്യമങ്ങൾ ഡിജിറ്റൽ മാധ്യമത്തെ എങ്ങനെയാണ് സ്വാംശീകരിക്കേണ്ടത് എന്നതാണ് ഇവിടെ ചർച്ച. സ്വാംശീകരണത്തിലൂടെ സംഭവിക്കുന്നതെന്താണ്? ഏത് ഏതിലേക്ക് സ്വാംശീകരിക്കപ്പെടുന്നു എന്നത് പ്രധാനമാണ്. സമാന്തര അച്ചടി മാസികകളുടെ പ്രവർത്തനം മാസിക പുറത്തിറക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. പലവിധത്തിലുള്ള പ്രവർത്തനങ്ങൾ അതിന്റെ ഭാഗമായി സംഭവിക്കുന്നുണ്ട്. കൃത്യമായ ലൊക്കേഷനിൽ നിന്നുകൊണ്ടുള്ള അതിന്റെ നടത്തിപ്പിൽ ഒരു ആക്ടിവിസമുണ്ട്. ഡിജിറ്റൽ മാധ്യമത്തിൽ അതില്ല. ആ വ്യത്യാസം അംഗീകരിച്ചേ മതിയാകൂ. എത്ര റാഡിക്കലായ ഉള്ളടക്കം നിർമ്മിച്ചാലും ഡിജിറ്റൽ മാധ്യമങ്ങൾക്ക് അതിന് കഴിയണമെന്നില്ല. ഗുജറാത്തിൽ ലിറ്റിൽ മാസികകളില്ല എന്ന് അച്യുത് യാഗ്നിക് പറയുമ്പോൾ അതാണ് വ്യക്തമാകുന്നത്. പുത്തൻ കോർപ്പറേറ്റ് മുതലാളിത്തത്തിന് ബദലുകളെപ്പോലും സ്വാംശീകരിക്കാൻ കഴിയുന്നുണ്ട്. ഒരു സമാന്തര പ്രസിദ്ധീകരണത്തെ വേണമെങ്കിൽ അതേ രൂപത്തിൽ ഏറ്റെടുക്കാനും നിലനിർത്താനും കോർപ്പറേറ്റുകൾക്ക് ഇന്ന് സാധ്യമാണ്. കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ടിന്റെ ഒരു ചെറിയ ഭാഗം മതി അതിന്. അതോടെ ബദലുകളെക്കുറിച്ച് അവർ സംസാരിച്ചുതുടങ്ങും. സമാന്തര മാധ്യമപ്രവർത്തനം ഒരു കോർപ്പറേറ്റ് വിരുദ്ധ ഇടപെടലാണെന്ന നിലവിലെ ധാരണ തന്നെ മാറ്റിമറിക്കപ്പെടാം. ടാറ്റയുടെ കൈയിൽ മൂന്നാർ ഇരിക്കുന്നതാണ് പരിസ്ഥിതി സംരക്ഷണത്തിന് നല്ലതെന്ന് ചില പരിസ്ഥിതി പ്രവർത്തകർ പോലും പറയുന്നതുപോലെയുള്ള സാഹചര്യം ബദലുകളുടെ കാര്യത്തിലും വന്നേക്കും. അത്രയ്ക്ക് യുക്തിസഹമായാണ് നവമുതലാളിത്തം പ്രവർത്തിക്കുന്നത്. അതിന്റെ പ്രലോഭനങ്ങളെ പ്രതിരോധിക്കുക പ്രയാസമാണ്. ആ സാഹചര്യം കൂടി കണക്കിലെടുത്താണ് സമാന്തര അച്ചടി മാധ്യമങ്ങൾ അതിന്റെ യഥാർത്ഥ ലൊക്കേഷനിൽ നിന്ന് പ്രവർത്തിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നത്. ഡിജിറ്റൽ മാധ്യമങ്ങൾക്ക് അത്ര കരുത്തില്ലെന്ന് അതിന്റെ എല്ലാ സാധ്യതകളെയും മാനിച്ചുകൊണ്ട് തന്നെ പറയട്ടെ.

# ഡിജിറ്റൽ ആർക്കൈവ് സമാന്തരധാരയ്ക്ക് ഒരു സാധ്യതയാണ്

## കെ.എച്ച്. ഹുസൈൻ

**കേരളീയം** മാസിക നടത്തുന്ന പാരിസ്ഥിതിക ഇടപെടുകൾക്ക് 16 വർഷത്തെ ചരിത്രമാണുള്ളത്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വളർച്ചയിലെ നിർണ്ണായകഘട്ടം കൂടിയാണ് ഈ 16 വർഷങ്ങൾ. ഗൂഗിൾ രൂപീകൃതമായിട്ടും 16 വർഷങ്ങൾ പൂർത്തിയാവുകയാണ്. സാമൂഹിക പ്രവർത്തനം തീക്ഷ്ണമായ അനുഭവങ്ങളിലൂടെ കടന്നുപോവുകയും സങ്കീർണ്ണമായ വെല്ലുവിളികളെ നേരിടേണ്ടിവരുകയും ചെയ്യുന്ന ഒരു കാലം കൂടിയാണിത്. അത്തരം പല പ്രതിസന്ധികളെയും മറികടക്കുന്നതിനുള്ള സാഹചര്യം ഡിജിറ്റൽ സാങ്കേതികവിദ്യ ഇന്ന് പ്രദാനം ചെയ്യുന്നുണ്ട്. എല്ലാ നിയന്ത്രണങ്ങളെയും മറികടന്നുകൊണ്ട് ഒരു വിവരം ലോകത്തെ അറിയിക്കുന്നതിനും കൂട്ടംകൂടുന്നതിനുമുള്ള സാഹചര്യം ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ ഒരുക്കപ്പെട്ടിട്ടുണ്ട്. പല രൂപത്തിൽ ആ സാധ്യതയെ നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ആർജ്ജിത വിജ്ഞാനത്തെ വികസിപ്പിക്കുന്നതിൽ വിവര സാങ്കേതികവിദ്യ വലിയ സംഭാവന നൽകി. വസ്തുതകളുടെ സംയോജനത്തിലൂടെ വിവരത്തിലേക്കും വിവരങ്ങളുടെ സംയോജനത്തിലൂടെ വിജ്ഞാനത്തിലേക്കും എന്ന തരത്തിൽ രേഖീയമായ ഒരു പ്രവർത്തനം നടക്കുന്നുണ്ട്. വിവരങ്ങൾ ശേഖരിച്ച് വയ്ക്കുന്നതിലും സംയോജിപ്പിക്കുന്നതിലും വലിയ മുന്നേറ്റം ഡിജിറ്റൽ സാങ്കേതികവിദ്യ കൈവരിച്ചിട്ടുണ്ട്. വിജ്ഞാനത്തിന്റെ ചരിത്രം നോക്കിയാൽ ഇത്തരത്തിൽ രേഖീയമായ ഒരു പ്രവർത്തനം നടക്കുന്നതായി നമുക്ക് കാണാൻ കഴിയും. 3000 വർഷം മുമ്പ് വാമൊഴികളിലൂടെയും വരകളിലൂടെയും പ്രചരിച്ച അറിവുകളെയാണ് 500 വർഷം മുമ്പ് ആരംഭിച്ച അച്ചടി പുതിയ രൂപത്തിൽ പ്രചരിപ്പിച്ച

ത്. 500 വർഷമായി അച്ചടി സമാഹരിച്ച അറിവുകളെയാണ് കഴിഞ്ഞ ഒന്നരദശകമായി ഡിജിറ്റൽ സാങ്കേതികവിദ്യ മറ്റൊരുരൂപത്തിൽ പരുവപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

2000-ത്തിന്റെ തുടക്കത്തിലാണ് ഡിജിറ്റലൈസേഷന്റെ സാധ്യതകൾ കേരളത്തിൽ ആദ്യമായി പരീക്ഷിക്കപ്പെടുന്നത്. കേരള വന ഗവേഷണ പഠന കേന്ദ്രത്തിലെ (കെ.എഫ്.ആർ.ഐ) ഗവേഷണ പ്രബന്ധങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനമായിരുന്നു അത്. കെ.ഫ്.ആർ.ഐ രൂപീകൃതമായ 1975 മുതലുള്ള പ്രബന്ധങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സി.ഡിയിലാക്കിയ ആ പരിപാടിക്ക് മുൻകൈയെടുത്ത ഒരാളാണ് ഞാൻ. ഗവേഷണ താത്പര്യമുള്ള വളരെ പരിമിതമായ ഒരു ഗ്രൂപ്പിന് മാത്രം ഉപകാരപ്പെടുന്ന വിവരങ്ങളാണത്. ഒരു സമാന്തര പ്രസിദ്ധീകരണം സമാഹരിച്ചിരിക്കുന്ന വിവരങ്ങൾ അത്തരത്തിലുള്ളതല്ല എന്നതാണ് കേരളീയം ഡിജിറ്റൽ ആർക്കൈവിന്റെ പ്രാധാന്യം.

മാതൃഭൂമിയും മനോരമയുമെല്ലാം തങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ലക്ഷക്കണക്കിന് രൂപ മുടക്കി ആർക്കൈവ് ചെയ്ത് വച്ചിട്ടുണ്ട്. പക്ഷെ ആർക്കും സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ അത് വെബ്സൈറ്റിൽ ലഭ്യമാക്കാൻ ഇവർ തയ്യാറല്ല.

ഡിജിറ്റലൈസേഷന്റെ മേഖലയിൽ ആദ്യകാലം മുതലുള്ള ഒരാളെന്ന നിലയിൽ, വെബ്സൈറ്റിൽ ആർക്കൈവ് നൽകിയിരിക്കുന്ന കേരളീയത്തിന്റെ ഈ സംരംഭം ഒരു സമാന്തര പ്രസിദ്ധീകരണത്തിന്റെ ഇത്തരത്തിലുള്ള ആദ്യ ശ്രമമായാണ് ഞാൻ മനസ്സിലാക്കുന്നത്. വെബ്സൈറ്റിൽ എല്ലാവർക്കും വായിക്കാവുന്ന തരത്തിൽ പ്രബന്ധങ്ങൾ അപ്ലോഡ് ചെയ്യാനുള്ള ശ്രമം 2006ലാണ് കേരളത്തിൽ ആദ്യം നടക്കുന്നത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയാണ് അതിന് തുടക്കം കുറിച്ചത്. ആയിരത്തിലധികം ഗവേഷണ പ്രബന്ധങ്ങൾ അവർ ആർക്കൈവ് ചെയ്തു. തിരുവനന്തപുരത്തെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയും പഴയ പുസ്തകങ്ങൾ വെബ്ബിൽ ആർക്കൈവ് ചെയ്തിട്ടുണ്ട്. വലിയ വിഭവശേഷിയുടെ പിൻബലത്തോടെ യാഥാർത്ഥ്യമായ സംരംഭങ്ങളാണിതെല്ലാം. അത്രയൊന്നും വിഭവശേഷിയില്ലാതിരുന്നിട്ടും കേരളീയം മാസിക അതിന്റെ 16 വർഷത്തെ ഉള്ളടക്കം ആർക്കും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്ന തരത്തിൽ ലഭ്യമാക്കിയിരിക്കുന്നത് കൂടുതൽ പ്രസക്തമായ കാര്യമാണ്. കേരളീയത്തിന്റെ മാത്രം സ്വത്തായല്ല അവ വെബ്സൈറ്റിൽ എത്തിയിരിക്കുന്നത്. ക്രിയേറ്റീവ് കോമൺ ലൈസൻസ് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന ഈ വെബ്സൈറ്റിൽ നിന്നും ആർക്കും ഏത് ലേഖനവും യഥേഷ്ടം ഉപയോഗിക്കാം. നഷ്ടപ്പെടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനും അതേസമയം ആയിരങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ വിതരണം ചെയ്യുന്നതിനും കേരളീയത്തിന് ഡിജിറ്റൽ ആർക്കൈവിംഗിലൂടെ കഴിഞ്ഞിരിക്കുന്നു.

ഇത് നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾക്ക് എത്രത്തോളം സാധ്യമാകും എന്ന ചോദ്യമാണ് ഇവിടെ ഉന്നയിക്കപ്പെടേണ്ടത്. മാതൃഭൂമിയും മനോരമയുമെല്ലാം തങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ലക്ഷക്കണക്കിന് രൂപ മുടക്കി ആർക്കൈവ് ചെയ്ത് വച്ചിട്ടുണ്ട്. പക്ഷെ ആർക്കും സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ അത് വെബ്സൈറ്റിൽ ലഭ്യമാക്കാൻ ഇവർ തയ്യാറല്ല. മുഖ്യാധാരാ പ്രസിദ്ധീകരണത്തിൽ വന്ന ഏതെങ്കിലും ലേഖനം നമുക്ക് സ്വന്തമായി ഡിജിറ്റലൈസ് ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള അനുമതിയും നിലനിൽക്കുന്നില്ല. പകർപ്പവകാശത്തിന്റെ പ്രശ്നം ഉടൻ ഉയർന്നുവരും. മുഖ്യാധാരാ മാധ്യമങ്ങൾ അതിലെഴുതിയ എഴുത്തുകാർക്ക് പോലും കൊടുക്കാത്ത ഒരവകാശം ക്രിയേറ്റീവ് കോമൺസ് ലൈസൻസിൽ ആർക്കൈവിംഗ് നടത്തിക്കൊണ്ട് കേരളീയം എല്ലാവർക്കുമായി നൽകിയിരിക്കുകയാണ്. ആർക്കൈവിന്റെ വിതരണരീതി കൂടി ഒരു രാഷ്ട്രീയ പ്രവർത്തനമായി മാറിയിരിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതയെ സാമൂഹിക പ്രവർത്തനത്തിനായി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള വിപുലമായ ചർച്ചകൾക്ക് ഈ ശ്രമം വഴിയൊരുക്കുന്നു. അറിവിന്റെ ലോകത്ത് നിലനിൽക്കുന്ന, സ്വന്തമാക്കി വയ്ക്കുക എന്ന മാമൂലിനെ തകർത്തുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ ആഘോഷത്തിന് തുടക്കം കുറിച്ചിരിക്കുന്നത് സർവ്വ ചരാചരങ്ങളുടെയും നീതിക്കായി നിലകൊള്ളുന്ന കേരളീയമാണ് എന്നത് സന്തോഷമുള്ള കാര്യമാണ്. മുഖ്യധാരയെ ഇത് പ്രചോദിപ്പിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. എന്നാൽ നിലനിൽക്കുന്നതും നിന്നുപോയതുമായ സമാന്തര പ്രസിദ്ധീകരണങ്ങൾക്ക് ഇതൊരു പ്രോത്സാഹനമാണ്. ■